**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 06/09/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC30/2021/EXCISE</u>**

വിഷയം: എക്സൈസ് എൻഫോഴ്സ്മെൻറ് - കുറ്റവാളികളുടെ ഫോട്ടോ ഡാറ്റാ ബേസ് തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന: 03.06.2021 തീയതിയിൽ നടന്ന എക്സൈസ് കമ്മീഷണറുടെ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളുടേയും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെൻറ് സ്ക്വാഡ് അംഗങ്ങളുടേയും മീറ്റിംഗിലെ നിർദ്ദേശം.

കേരള എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന അബ്കാരി /എൻ.ഡി.പി.എസ് കേസുകളുടെ എണ്ണം നാളുതോറും ഏറി വരികയാണ് . മുൻപ് അബ്കാരി/എൻ.ഡി.പി.എസ് കേസുകളിൽ ഉൾപ്പെട്ടവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് പതിവ് രീതിയായി മാറിയിരിക്കുകയാണ്. ഇങ്ങനെയുള്ളവരുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന രീതിയിൽ ഒരു വിവരശേഖരണ സംവിധാനം (data base) ഉള്ളതായി കാണുന്നില്ല. ഒരു ഓഫീസർ ചാർജ്ജ് എടുക്കുമ്പോൾ തന്റെ സ്റ്റേഷൻ പരിധിയിലുള്ള കുറ്റവാളികളെ തിരിച്ചറിയാനുള്ള രേഖകൾ ഒന്നും തന്നെയില്ലാത്തതിനാൽ അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട് . കൂടാതെ കുറ്റവാളികളുടെ വിവരങ്ങൾ മറ്റ് ഓഫീസുകളുമായോ , ജില്ലകളുമായോ, മറ്റ് സംസ്ഥാനങ്ങളുമായോ, മറ്റ് അന്വേഷണ ഏജൻസികളുമായോ പങ്കുവയ്ക്കാൻ സാധിക്കാത്തതും എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നിലവിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് കേസുകൾ രജിസ്റ്റർ ചെയ്യാൻ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ആയ ECURB -ൽ അതിന്റെ പൂർണ്ണമായ ഉപയോഗം ഇപ്പോഴും സാങ്കേതികമായി ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ പരിമിതമായ രീതിയിൽ മാത്രമേ കുറ്റവാളികളുടെ സമ്പൂർണ്ണ വിവരം രേഖപ്പെടുത്തുവാൻ സാധിക്കുന്നുള്ളൂ.

മേൽ സാഹചര്യം കണക്കിലെടുത്ത് ഇനി മുതൽ കണ്ടെടുക്കുന്ന, കോമ്പൗണ്ട് ചെയ്ത് പോകുന്ന കേസുകൾ ഒഴികെയുള്ള അബ്കാരി കേസുകളിലും എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും പ്രതികളാകുന്നവരെ പിന്നീട് തിരിച്ചറിയുന്നതിനും വിമുക്തി മിഷന്റെ ഭാഗമായും മറ്റും അവരെ ആവശ്യവും സാഹചര്യവും അനുസരിച്ച് ബോധവൽക്കരണ ചികിത്സാ പദ്ധതികളിൽ ഉൾക്കൊള്ളിക്കുന്നതിനും വേണ്ടി അവരെ

സംബന്ധിക്കുന്ന മേൽ വിലാസം , ഫോട്ടോ, വിരലടയാളം മുതലായ വിവരങ്ങളും, കേസിന്റെ ചെറു വിവരണം എന്നിവയും ശേഖരിച്ച് ഓഫീസിലെ കംപ്യൂട്ടറിൽ ഓരോ ഫോൾഡറിൽ പ്രത്യേകം സബ് ഫോൾഡറുകളായി സൂക്ഷിക്കേണ്ടതാണ്. ഈ നടപടി ECURB -ൽ പ്രതികളുടെ ഫോട്ടോയും , വിരലടയാളവും ചേർക്കുന്നതിനുള്ള സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമം ആകുന്നതുവരെ തുടരേണ്ടതാണ്. ഇതിനുള്ള പ്രവർത്തന സംവിധാനം അനുബന്ധമായി ചേർക്കുന്നു.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by Aananthakrishnan S
Date: 2021.09.06 13:26:02 IST
Reason: Approved
എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ:-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം/ എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. ലോ ഓഫീസർ
6. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
7. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
8. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
9. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
10. സ്റ്റോക്ക് ഫയൽ/കരുതൽഫയൽ

| Sl No | DETAILS OF ACCUSED INVOLVED IN ALL NDPS CASES AND ALL NON COMPOUNDABLE ABKARI CASES | |
|---|---|---|
| 1 | Crime Number | |
| 2 | Name of Office | |
| 3 | Act & Sections | |
| 4 | **Accused Information** | |

| | |
|---|---|
| Name | |
| Age/Year | |
| Gender | |
| Name of Father/Mother | |
| House Name | |
| Village | |
| Taluk | |
| District | |
| Identification Marks | **1)**<br>**2)** |

**Affix Photos of Accused in the prescribed format**

**Name of Accused ----------------**

| | | |
|---|---|---|
| Photo of face , Full View | | Photo of face , Right Side View |
| Photo of face , Left Side View | | Full Size Photo |